# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

## എസ്. എം. ജി. യു. പി. സ്കൂൾ മേലോരം

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : എസ്. എം. ജി. യു. പി സ്കൂൾ മേലോരം |
| മേൽവിലാസം | : മേലോരം<br>പെരുവന്താനം<br>ഇടുക്കി |
| ഫോൺ | : 7592004945 |
| സ്കൂൾ കോഡ് | : 30410 |
| വിദ്യാഭ്യാസ ഉപജില്ല | : പീരുമേട് |
| വിദ്യാഭ്യാസ ജില്ല | : കട്ടപ്പന |
| ബി. ആർ. സി | : പീരുമേട് |
| ഗ്രാമപഞ്ചായത്ത് | : കൊക്കയാർ |
| ബ്ലോക്ക് പഞ്ചായത്ത് | : അഴുത |
| ജില്ലാ പഞ്ചായത്ത് | : ഇടുക്കി |
| താലൂക്ക് | : പീരുമേട് |
| വില്ലേജ് | : കൊക്കയാർ |
| ഇ- മെയിൽ വിലാസം | : smgups22@gmail.com |

# ആമുഖം

ഓരോ വിദ്യാലയത്തിന്റെയും ഭാവി കാഴ്ചപ്പാടുകൾ, ലക്ഷ്യങ്ങൾ, പ്രവർത്തന പദ്ധതികൾ എന്നിവയുടെ സമഗ്രമായ രേഖയാണ് സ്കൂൾ തല അക്കാദമിക മാസ്റ്റർ പ്ലാൻ. നമ്മുടെ വിദ്യാലയത്തിന്റെ അക്കാദമിക മികവ് ഉറപ്പാക്കു-ന്നതിനും പഠനബോധനപ്രക്രിയകളെ കൂടുതൽ ഫല-പ്രദമാക്കുന്നതിനും വിദ്യാർത്ഥികളുടെ സർവതോന്മുഖമായ വികാസം സാധ്യമാക്കുന്നതിനും ഇത് ഒരു വഴികാട്ടിയായി പ്രവർത്തിക്കുന്നു. വിദ്യാർത്ഥികളുടെ പഠനിലവാരം ഉയർ-ത്തുന്നതിനും അവരുടെ അഭിരുചികൾക്കും കഴിവുകൾക്കും അനുസരിച്ചുള്ള പഠനാന്തരീക്ഷം ഒരുക്കുന്നതിനും മാസ്റ്റർ പ്ലാൻ ഊന്നൽ നൽകുന്നു.

# പൊതുലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികളും അവർ പഠിക്കുന്ന വിഷയങ്ങളിൽ പ്രാവീണ്യം നേടിയെന്ന് ഉറപ്പുവരുത്തുക.
2. ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
3. ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യ-ങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കുക.
4. പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യ-മായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
5. പുതിയ തലമുറയിൽ കൃഷിയോടുള്ള താത്പര്യം വളർത്തിയെടുക്കുക.
6. ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക, അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക.
7. പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
8. കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക.
9. കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക.
10. കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തുന്നതിനാവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭാഷിയുടെ അടിസ്ഥാന ശേഷി വികസനം, ആശയസംവേദനം നടത്താനും, എഴുത്തും വായനയും കുട്ടികളിൽ വളർത്താൻ പ്രാപ്തരാക്കുക. | വാർത്തവായന മലയാളം രചനകൾ ക്ലാസ്സ് ലൈബ്രറിയുടെ ഉപയോഗം, മികച്ചരീതിയിലാക്കുക, വായനമൂല | അക്കാദമിക വർഷം | മലയാളം അധ്യാപിക |

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ സംസാരിക്കാനും വായിക്കാനും കുട്ടികളെ പ്രാപ്തരാക്കുക. | സ്പോക്കൺ ഇംഗ്ലീഷ് ബുധനാഴ്ചകളിൽ ഇംഗ്ലീഷ് അസംബ്ലി സ്കിറ്റ്, പ്രസംഗം കഥ, എന്നിവയുടെ അവതരണം | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപിക |

# ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| ശാസ്ത്രീയമായ രീതിയിൽ മികവ് പുലർത്താൻ കുട്ടികളെ പ്രാപ്തരാക്കുക. | പരീക്ഷണം<br>working model<br>still model<br>നിരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപിക |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| ഗണിത പ്രശ്നങ്ങൾ നിഷ്പ്രയാസം കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക. | പട്ടിക മനഃപാഠമാക്കൽ<br>എളുപ്പവഴികളിലൂടെ ക്രിയകൾ കൈകാര്യം ചെയ്യൽ,<br>പസ്സിൽ, ഉല്ലാസ-ഗണിതം | അക്കാദമിക വർഷം | ഗണിത അധ്യാപിക |

# ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളിൽ അക്ഷരബോധം ഉറപ്പിക്കൽ. ഹിന്ദിഭാഷ ഇഷ്ടപ്പെടാനും പരിചയപ്പെടാനും പഠിക്കുവാനും അവസരം ഒരുക്കുക. | അക്ഷരങ്ങൾ, ചിഹ്നങ്ങൾ പുതിയ പദങ്ങൾ, പദ്യങ്ങൾ എന്നിവയിലൂടെ കുട്ടികളെ ഹിന്ദി ഭാഷയിലേയ്ക്ക് ആകർഷിക്കുക. | അക്കാദമിക വർഷം | ഹിന്ദി അധ്യാപിക |

# സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റി എടുക്കുക. ജനാധിപത്യ പരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | കാഴ്ചയിൽ നിന്ന് കാര്യത്തിലേയ്ക്ക്<br>ഓർമ്മച്ചെപ്പ്<br>virtual Field Trip<br>പ്രകൃതി താണ്ഡവം<br>നേർക്കാഴ്ച | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപിക |

# ലൈബ്രറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സ്കൂൾ ലൈബ്രറിയുടെ കൃത്യമായ ഉപയോഗം | എല്ലാ ആഴ്ചയിലും ക്ലാസ്സ് മുറികളിൽ ലൈബ്രറി പുസ്തകങ്ങളുടെ ഉപയോഗം ശക്തിപ്പെടുത്തുക | അക്കാദമിക വർഷം | ലൈബ്രേറിയൻ |

# പൊതുവിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളിൽ പൊതുവായ അറിവ് വളർത്തുക. | ആഴ്ചയിൽ ഓരോ ക്ലാസ്സിലും 10 എണ്ണം വീതം G.K Questions എഴുതി പഠിപ്പിക്കുന്നു. Quiz competition Reverse quiz | അക്കാദമിക വർഷം | ക്ലാസ്സ് അധ്യാപകർ |

# കലാ-കായികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളുടെ കഴിവുകൾ എന്താണെന്ന് കണ്ടെത്തുകയും അവ പൊതുസമൂഹത്തിനുമുന്നിൽ അവതരിപ്പിക്കാൻ പ്രാപ്തരാക്കുന്നു. | പെയിന്റിംഗ്, ക്ലേ മോഡലിങ്, മെറ്റൽ ഷേവിംഗ്, കുട നിർമ്മാണം, വെജിറ്റബിൾ പ്രിന്റിംഗ് നാടൻപാട്ട്, ദേശഭക്തിഗാനം ഡാൻസ്, നാടകം വിവിധ കായിക മത്സരങ്ങൾ എന്നിവ നടത്തുന്നു. | അക്കാദമിക വർഷം | അധ്യാപകർ |

# IEDC

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ഉൾച്ചേരൽ വിദ്യാഭ്യാസത്തിന് പ്രാധാന്യം കൊടുത്ത് വളരുന്നതിന് | കുട്ടികളുടെ ശാരീരിക ന്യൂനതകൾ പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | അക്കാദമിക വർഷം | ക്ലാസ്സ് അധ്യാപകർ |

# സ്കൂൾ അസംബ്ലി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| കുട്ടികളിൽ ആത്മവിശ്വാസം വളർത്തുന്നതിനും, തങ്ങൾ മികച്ചവരാണെന്നുള്ള ബോധ്യം അവരിൽ ഉണ്ടാക്കിയെടുക്കുക. | സ്വയം പരിചയപ്പെടുത്തൽ. അസംബ്ലിക്ക് നേതൃത്വം നൽകുക. സർഗവേളകൾ വാർത്താവായന വിവിധ കലാ പ്രവർത്തനങ്ങൾ | അക്കാദമിക വർഷം | അധ്യാപകർ |

# ഉപസംഹാരം

നമ്മുടെ വിദ്യാലയത്തിന്റെ അക്കാദമിക മാസ്റ്റർ പ്ലാൻ മികവിലേയ്ക്കുള്ള ഒരു സമഗ്രപാതയാണ്. ഭാവിയിലേയ്ക്കുള്ള നമ്മുടെ ലക്ഷ്യങ്ങൾ ഈ പ്ലാൻ കൃത്യമായി നിർവ്വചിക്കുന്നു. 2025 - 26 വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ ഭാവിയിലേയ്ക്കുള്ള നമ്മുടെ ലക്ഷ്യങ്ങൾ കൃത്യമായി നിർവ്വചിക്കുന്നു. ഈ മാസ്റ്റർ പ്ലാൻ ഒരു രേഖ എന്നതിലുപരി നമ്മുടെ വിദ്യാലയ സമൂഹത്തിന്റെ കൂട്ടായ സ്വപ്നങ്ങളുടെയും അഭിലാഷങ്ങളുടെയും പ്രതിഫലനമാണ്. ഈ അക്കാദമിക മാസ്റ്റർ പ്ലാൻ നമ്മുടെ വിദ്യാലയത്തെ മികവിന്റെ പുതിയ തലങ്ങളിലേയ്ക്ക് നയിക്കുമെന്ന് നമുക്ക് ഉറച്ച് വിശ്വസിക്കാം.